## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 831 — 07.02.2013-ൽ മറുപടിയ്ക്ക്

### അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത്, എത്ര ബാച്ച് അലോപ്പതി മരുന്നുകളാണ് വിപണിയിലെത്തിയിട്ടുള്ളത്; | എ).ഏകദേശം 65000 മരുന്നുകളും അവയുടെ വിവിധ കോമ്പിനേഷനുകളും വിപണിയിൽ ഉണ്ടെന്നാണ് അനൗദ്യോഗിക കണക്കുകൾ. ഈ മരുന്നുകളുടെ 4-5 ബാച്ചുകൾ കണക്കാക്കിയാൽ 2.6 ലക്ഷം ബാച്ച് മരുന്നുകൾ വിപണിയിൽ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഇതിൽ, എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; | ബി) ഇതിൽ 4129 മരുന്നു സാമ്പിൾ ഈ വർഷം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടു ണ്ട്. |
| (സി) വിപണിയിലിറങ്ങുന്ന മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് സംസ്ഥാനത്ത് എത്ര ലാബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടെ ഒരു വർഷം എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ; | (സി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഒരു വർഷം 4600 ബാച്ച് മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. നിലവിലുള്ള പരിശോധനാ സൗകര്യം അനുസരിച്ച് കഴിഞ്ഞ വർഷം 4129 മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടു ണ്ട്. |
| (ഡി) മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് കൂടുതൽ ലാബോറട്ടറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഈ സാമ്പത്തിക വർഷം എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിക്കാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ കോഴിക്കോട്, കോന്നി, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ 3 പുതിയ മരുന്നു പരിശോധന ലബോറട്ടറികൾ കൂടി സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ